റിപ്പോർട്ട്

(ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ പ്രതിനിധിസഭാ സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളുടെ സംഗ്രഹം)

# അധഃസ്ഥിതരുടെ പ്രശ്നങ്ങൾക്ക് സർക്കാർ പ്രഥമ പരിഗണന നൽകണം

**ബാംഗ്ലൂർ:** 2009 മെയ് 28 മുതൽ 31 വരെ ബാംഗ്ലൂരിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ പ്രതിനിധിസഭാ സമ്മേളനം, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വർഗീയ- വിഭാഗീയ ശക്തികളെയും മാനവിക വിരുദ്ധ മുദ്രാവാക്യം മുഴക്കിയവരെയും ഇന്ത്യയിലെ ഭൂരിപക്ഷം ജനത കൈയൊഴിഞ്ഞതായി അഭിപ്രായപ്പെട്ടു. തെരഞ്ഞെടുപ്പ് ഫലം ഏതെങ്കിലും ദേശീയ, പ്രാദേശിക കക്ഷികൾക്ക് നൽകിയ അംഗീകാരമായി കണക്കാക്കാനാവില്ല. ഓരോ സംസ്ഥാനത്തെയും ഭരണത്തെ നിശിതമായി നിരൂപണം ചെയ്തുതന്നെയാണ് ജനങ്ങൾ വോട്ട് രേഖപ്പെടുത്തിയത്. ജനകീയ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാൻ ശ്രമം നടത്തിയ പാർട്ടികളെയും ഭരണകൂടങ്ങളെയും ജനം പിന്തുണച്ചിട്ടുണ്ട്. ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങളെയും ആവശ്യങ്ങളെയും അഭിമുഖീകരിക്കുന്നതിൽ പരാജയപ്പെട്ട പാർട്ടികളെ ജനം തള്ളിക്കളയുകയും ചെയ്തു.

സമാധാനവും സുരക്ഷിതത്വവുമാണ് ജനം ആഗ്രഹിക്കുന്നത്. കലാപത്തിന് കോപ്പുകൂട്ടുന്നവരെ ജനം തള്ളിയത് അതുകൊണ്ടാണ്. വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വൈരവും വിദ്വേഷവും മൂർഛിപ്പിക്കാൻ ശ്രമിക്കുന്നവർക്കുള്ള താക്കീതു കൂടിയാണിത്. പശ്ചിമബംഗാൾ, യു.പി, കേരളം എന്നിവിടങ്ങളിൽ സംസ്ഥാനം ഭരിക്കുന്ന പാർട്ടികൾ ന്യൂനപക്ഷങ്ങൾ പോലുള്ള അധഃസ്ഥിത മർദിത വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ അലംഭാവം കാണിച്ചതാണ് അവരുടെ പരാജയത്തിന് മുഖ്യകാരണം. സെക്യുലർ പാർട്ടികൾ തമ്മിലുള്ള മത്സരവും ധാരണയില്ലായ്മയും പരാജയത്തിന് നിമിത്തമായിട്ടുണ്ട്. ഒന്നിച്ച് നിന്നിരുന്നെങ്കിൽ വർഗീയ ശക്തികളെ കൂടുതൽ തളർത്താമായിരുന്നു ഈ തെരഞ്ഞെടുപ്പിൽ.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾ പൊതുവെ രാഷ്ട്രീയ പക്വതയോടെയും ദീർഘവീക്ഷണത്തോടെയുമാണ് വോട്ട് രേഖപ്പെടുത്തിയതെന്ന് പ്രതിനിധിസഭാ യോഗം ചൂണ്ടിക്കാട്ടി. വൈകാരിക പ്രശ്നങ്ങൾക്കല്ല, രാജ്യത്തിന്റെയും ജനങ്ങളുടെയും പൊതു താൽപര്യങ്ങൾക്കാണ് അവർ മുൻഗണന നൽകിയത്.

തെരഞ്ഞെടുപ്പ് വേളയിൽ രാജ്യം അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളൊന്നും ഉയർന്നുവരാത്തതിൽ പ്രതിനിധിസഭ ഉത്കണ്ഠ രേഖപ്പെടുത്തി. എതിരാളികളെ അടിച്ചിരുത്താനും വ്യക്തിഹത്യ നടത്താനുമാണ് കൂടുതൽ ശ്രദ്ധിച്ചത്. മീഡിയ ഇതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അധഃസ്ഥിത വിഭാഗങ്ങളുടെ ഉന്നമനം, കർഷകരും ന്യൂനപക്ഷങ്ങളും സ്ത്രീകളും ഉൾപ്പെടുന്ന മർദിത വിഭാഗങ്ങളുടെ പ്രശ്നങ്ങൾ തുടങ്ങിയവയൊന്നും പ്രചാരണവേദികളിൽ ഉന്നയിക്കപ്പെടുകയുണ്ടായില്ല. പണാധിപത്യമാണ് മറ്റൊരു പ്രശ്നം. ഭൂരിപക്ഷവും പട്ടിണി കിടക്കുന്ന ഒരു രാജ്യത്ത് വൻതുകയാണ് പ്രചാരണത്തിന് ചെലവഴിച്ചത്.

ജനം തങ്ങളിൽ അർപിച്ച വിശ്വാസം സാക്ഷാത്കരിക്കുന്നതിന് മൻമോഹൻ സിംഗ് സർക്കാർ ഉണർന്ന് പ്രവർത്തിക്കണമെന്ന് പ്രതിനിധിസഭ ആഹ്വാനം ചെയ്തു. കോൺഗ്രസ്സിന്റെ പ്രകടന പത്രികയിൽ ഇടക്കിടെ ആവർത്തിക്കപ്പെടുന്ന 'ആം ആദ്മി' (സാധാരണക്കാരൻ)യുടെ പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കണം. തൊഴിലുറപ്പ് പദ്ധതികളുടെ വൃത്തം വിശാലമാക്കുകയും അർഹതയുള്ളവരെ മുഴുവൻ അതിൽ ഉൾപ്പെടുത്തുകയും വേണം. കർഷകർക്ക് നൽകുന്ന കടങ്ങൾ പലിശ രഹിതമാക്കാൻ ദീർഘകാല പദ്ധതി ആവിഷ്കരിക്കണം.

നിരപരാധികൾ വ്യാപകമായി പിടിക്കപ്പെടുകയും വ്യാജ ഏറ്റുമുട്ടലുകൾ പെരുകുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ പോലീസ് സേനയുടെ ഘടനയിൽ ഒരു അഴിച്ചുപണി അനിവാര്യമായിരിക്കുന്നു. നിരവധി അന്വേഷണ കമീഷനുകൾ ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

സ്പെഷ്യൽ ഇക്കണോമിക് സോൺ (സെസ്) കാരണം കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസവും തൊഴിലും ഉറപ്പുവരുത്തണം. മതിയായ നഷ്ടപരിഹാരം നൽകാതെ ലക്ഷക്കണക്കിനാളുകളെ കുടിയിറക്കുന്നതിനെക്കുറിച്ച് മനുഷ്യാവകാശ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങൾ കാര്യഗൗരവത്തോടെ കണക്കിലെടുക്കണം. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് എത്രയും പെട്ടെന്ന് ഒരു കർമപദ്ധതി തയാറാക്കാനും ഗവൺമെന്റ് പ്രഥമ പരിഗണന നൽകണം. മുന്നൂറ് കുടുംബങ്ങളുള്ള എല്ലാ പ്രദേശത്തും ഒരു സ്കൂൾ സ്ഥാപിക്കാൻ മുൻകൈയെടുക്കണം.

ഇസ്രയേലുമായും അമേരിക്കയുമായും സൈനികവും സാമ്പത്തികവും മറ്റുമായ പ്രത്യേക ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള തിടുക്കം കഴിഞ്ഞ ഗവൺമെന്റ് കാണിച്ചിരുന്നു. ഈ നയംതിരുത്താൻ ഗവൺമെന്റ് തയാറാവണം. ഈ രാഷ്ട്രങ്ങളുമായുള്ള അടുത്ത ബന്ധങ്ങൾ ഇന്ത്യയുടെ സുരക്ഷയെയും സാമുദായിക സൗഹൃദത്തെയും പരമാധികാരത്തെയും ദോഷകരമായി ബാധിക്കും.

കഴിഞ്ഞ പത്തു വർഷത്തിനകം രാജ്യത്തുണ്ടായ വേദനാജനകമായ നിരവധി സംഭവങ്ങളിൽ ഒട്ടേറെ പേർക്ക് ജീവനും സ്വത്തും നഷ്ടമായി. ഇതിനെക്കുറിച്ചൊന്നും കാര്യമായ അന്വേഷണങ്ങൾ നടത്താതെ മുസ്‌ലിം ചെറുപ്പക്കാരുടെ തലയിൽ കുറ്റം കെട്ടിവെക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ചെറുതും വലുതുമായ ഇത്തരം സംഭവങ്ങളെക്കുറിച്ച് ഒരു ഉന്നതതല ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രതിനിധിസഭ സർക്കാറിനോട് ആവശ്യപ്പെടുന്നു. ഇതിന്റെ പേരിൽ ഇപ്പോഴും നിരപരാധികളായ മുസ്‌ലിം ചെറുപ്പക്കാർ ജയിലുകളിൽ കഴിയുന്നുണ്ട്. അവരെ ഉടനടി വിട്ടയക്കാൻ സർക്കാർ തയാറാവണം.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുസ്‌ലിം സമൂഹം പൊതുവെ കോൺഗ്രസ്സിനോടൊപ്പം നിന്നത് അവരുടെ ന്യായമായ ആവശ്യങ്ങൾ ആ സംഘടന മുഖവിലക്കെടുക്കും എന്നു പ്രതീക്ഷിച്ചാണ്. സച്ചാർ കമീഷൻ നിർദേശങ്ങൾ നടപ്പാക്കുക എന്നതാണ് അതിൽ ആദ്യത്തേത്. ഇതിനു വേണ്ടി ഒരു സംയുക്ത പാർലമെന്ററി കമ്മിറ്റി രൂപവത്കരിക്കണമെന്ന് ഈ പ്രതിനിധി സഭാ സമ്മേളനം ആവശ്യപ്പെടുന്നു.

ബാബരി മസ്ജിദ് തകർക്കപ്പെട്ടിട്ട് 15 വർഷം കഴിഞ്ഞെങ്കിലും ഇത് അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട ലിബർഹാൻ കമീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെന്നത് സർക്കാർ ഗൗരവത്തിൽ കാണേണ്ടതാണ്. 48 തവണയാണ് കമീഷന്റെ കാലാവധി നീട്ടിക്കൊടുത്തത്! കമീഷന് ഒരു കാലപരിധി നിശ്ചയിച്ച് റിപ്പോർട്ട് പൂർത്തിയാക്കാൻ ആവശ്യപ്പെടുകയും എത്രയും പെട്ടെന്ന് കുറ്റവാളികളെ ശിക്ഷിക്കുകയും വേണം. ■